## MATTHEW 17:14-21

വിശ്വാസവും അതിനനുസരിച്ചുള്ള ജീവിതവും നയിക്കാനുള്ള ആഹ്വാനമാണ് ഇന്നത്തെ വി. ഗ്രന്ഥഭാഗങ്ങൾ നമുക്ക് തരുന്നത്. പഴയ നിയമത്തിലെ ഇസ്രായേൽ ജനതയുടെയും പുതിയനിയമത്തിലെ ശിഷ്യന്മാരുടെയും വിശ്വാസജീവിതത്തിലെ പരാജയങ്ങൾക്കിടയിലും കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ അത്ഭുതങ്ങൾ നടക്കുമെന്ന ബോധ്യത്തിലേക്ക് വളരാൻ തിരുസഭാമാതാവ് നമ്മെ ക്ഷണിക്കുന്നു.

വി. മത്തായിയുടെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ കർത്താവ് അപസ്മാരരോഗിയെ സുഖമാക്കുന്നതും, തന്റെ പീഡാനുഭവത്തെപറ്റി പ്രവചിക്കുന്നതും കഫർണ്ണാമിൽവെച്ച് നികുതി നൽകുന്നതുമായ മൂന്ന് സംഭവങ്ങളാണ് നാം ഇപ്പോൾ വായിച്ചുകേട്ടത്. പ്രത്യക്ഷത്തിൽ ഈ സംഭവങ്ങൾ തമ്മിൽ പൊരുത്തമില്ലാത്തതായി നമുക്ക് തോന്നിയേക്കാം. എന്നാൽ ഇവതമ്മിൽ ബന്ധമുണ്ടെന്ന് ഈ വചനഭാഗത്തിന്റെ പശ്ചാത്തലം വ്യക്തമാക്കുന്നു.

മത്തായുടെ സുവിശേഷം 17-ാം അദ്ധ്യായം ആരംഭിക്കുന്നത് രൂപാന്തരികരണ സംഭവത്തോടെയാണ്. ഈശോ തന്റെ ദൈവികമായ മഹത്ത്വം ശിഷ്യന്മാർക്ക് വെളിപ്പെടുത്തികൊടുത്ത സംഭവം രൂപാന്തരികരണത്തിനുശേഷം കർത്താവ് മലയിൽനിന്ന് ഇറങ്ങിവരുന്നതുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. മലമുകളിൽ ഈശോ തന്റെ ദൈവത്വം വെളിപ്പെടുത്തി വിജയശ്രീലാളിതനായി നില്ക്കുമ്പോൾ, മലയടിവാരത്തിൽ ഒരപസ്മാര രോഗിയെ സുഖപ്പെടുത്താൻ സാധിക്കാതെ ശിഷ്യന്മാർ പരാജായപ്പെടുന്ന സംഭവമാണ് നാം കാണുന്നത്, കാരണം അവർ അല്പവിശ്വാസികളായിരുന്നു. ഇതിനുസമാനമായ ഒരു സംഭവം പുറപ്പാട് പുസ്തകം 32-ാം അദ്ധ്യായത്തിൽ കാണാം. മലമുകളിൽ ദൈവമഹത്ത്വം കണ്ടശേഷം പത്ത് കല്പനകളുമായിവന്നപ്പോൾ മോശകണ്ടത് വിശ്വാസം ത്യജിച്ച് വിഗ്രഹാരാധന നടത്തുന്ന ഇസ്രായേൽ ജനത്തെയാണ്. അന്ന് മോശ ആ ജനത്തെ ശപിച്ചു. എന്നാൽ ഈശോ ഇവിടെ കരുണയുടെ അമൃതമഴ പൊഴിക്കുകയാണ്. പ്രപഞ്ചത്തിലൂടെയും മനുഷ്യജീവിതത്തിലൂടെയും ദൈവം തന്റെ അദൃശ്യശക്തി വ്യക്തമാക്കുന്നത് നമ്മുടെ വിശ്വാസജീവിതത്തിന് കരുത്തേകാൻവേണ്ടിയാണെന്ന് നമുക്ക് തിരിച്ചറിയുവാൻ കഴിയട്ടെ.

ഈശോ ദൈവമാണ് എന്ന സത്യം മനസ്സിലാക്കാൻ പലപ്പോഴും ശിഷ്യന്മാർക്ക് സാധിച്ചില്ല. അവരുടെ അവിശ്വാസംമൂലം അപസ്മാരരോഗയുടെ പിതാവുപോലും വിശ്വാസത്തിനും

സംശയത്തിനുമിടയിൽ നട്ടംതിരിയുകയാണ്: `ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുത്തുകൊണ്ടുവന്നു; പക്ഷേ അവനെ സുഖപ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞില്ല`എന്നപരാതിയിൽ ശിഷ്യന്മാർക്ക് സാധിക്കാത്തത് ഗുരുവിനും സാധിക്കാതെ വരുമോ എന്ന സംശയത്തിന്റെ ധ്വനിയുണ്ട്്. ശ്ിഷ്യന്മാരുടെ വിശ്വാസക്കുറവ് ആ കുട്ടിയുടെ പിതാവിന് ഇടർച്ചയുണ്ടാകാൻ കാരണമായി. സത്യവിശ്വാസികൾ എന്ന് അറിയപ്പെടുന്ന നമ്മുടെ ജീവിതത്തിലും വിശ്വാസരഹിതമായ പ്രവർത്തികളുണ്ടാകുമ്പോൾ അത് മറ്റുള്ളവർക്ക് ഇടർച്ചക്ക് കാരണമാകും അത് സഭയെ തളർത്തും. ദൈവത്തിന്റെ മഹത്ത്വം തിരിച്ചറിഞ്ഞ് മലകളെപ്പോലും മാറ്റാൻതക്ക വിശ്വാസത്തിലേക്ക് നാം കടന്നുവരേണ്ടിയിരിക്കുന്നു.

ദൈവം തന്റെ മഹത്ത്വം ഇസ്രായേൽ ജനത്തിന് വെളിപ്പെടുത്തിയ സംഭവമാണ് ഒന്നാമത്തെ വായനയിൽ കണ്ടത്. വാഗ്ദത്തഭൂമി സ്വന്തമാക്കുന്നതിനൊരുക്കമായി ഇസ്രായേൽ ജനത്തിൽനിന്ന് ദേശംഒറ്റുനോക്കാൻപോയ ചാരന്മാർ, അതിശക്തരും അതികായൻമാരുമായ അനാക്കിമിന്റെ സന്തതികളെ കണ്ട് പരിഭ്രമിച്ചു. അവരെ പരാജയപ്പെടുത്തുക ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം അചിന്ത്യമാണെന്നവർ കരുതി. വിശ്വാസമില്ലാത്ത ആ തലമറയിൽ ആരും വാഗ്ദത്തദേശത്ത് പ്രവേശിച്ചില്ല. എന്നാൽ പിന്നിട് കർത്താവ് തന്റെ ശക്തമായ കരങ്ങളാൽ വിശ്വാസമുള്ള ഒരു തലമുറയ്ക്കുവേണ്ടി ശത്രുക്കളെ പരാജയപ്പെടുത്തുകയും നിശേഷം നശിപ്പിക്കുകയും ചെയ്തു. ഇസ്രായേൽക്കരുടെ നീതിനിമിത്തമല്ല കർത്താവ് അവരെ രക്ഷിച്ചത്. പ്രത്യുത പിതാക്കന്മാരോട് അവിടുന്നുചെയ്ത വാഗ്ദാനം പൂർത്തിയാക്കാനാണ്. ഇസ്രായേലിന്റെ ദൈവാനുഭവമെന്നത് `ശക്തിയുടെ വലംകൈയ്യാൽ രക്ഷിക്കുന്ന` കർത്താവിന്റെ മഹത്ത്വമാണ്. എങ്കിലും പിന്നീട് അവർ കർത്താവിനെ പരിത്യജിച്ചു. ഇസ്രായേൽജനം വിശ്വാസത്തിൽ പരാജയപ്പെട്ടു. യുദ്ധങ്ങൾ ജയിച്ചത് സ്വന്തം കരബലത്താലാണെന്ന് അവർ തെറ്റിദ്ധരിച്ചു. ജീവിതത്തിൽ നമുക്കുണ്്ടാവുന്ന വിജയങ്ങൾക്കും സന്തോഷങ്ങൾക്കും പിന്നിൽ - അസാധാരണ സംഭവങ്ങളിൽ മാത്രമല്ല സാധാരണ കാര്യങ്ങളിലും - ദൈവത്തിന്റെ ശക്തമായ കരംകാണാൻ സാധിക്കുന്നില്ലെങ്കിൽ വിശ്വാസജീവിതത്തിൽ നാമും പരാജയപ്പെടും.

കർത്താവ് ചെയ്ത സത്യസന്തവും മഹത്തരങ്ങളുമായ വൻകാര്യങ്ങൾ എണ്ണിപറഞ്ഞ് അവിടുത്തെയ്ക്ക് നന്ദി പറയുന്ന ഭാഗമാണ് ഏശയ്യാപ്രവാചകനിലൂടെ (രണ്ടാം വായന) കേട്ടത്. മരണവും കണ്ണിരും എന്നേയ്ക്കുമായി തുടച്ചുമാറ്റാൻ സർവ്വജനങ്ങൾക്കുവേണ്ടി സൈന്യങ്ങളുടെ ദൈവമായകർത്താവ് പർവ്വതത്തിൽ ഒരു വിരുന്നൊരുക്കിയിരുക്കിയിരിക്കുന്നതിൽ പ്രവാചകൻ ദൈവത്തിന് നന്ദി പറയുന്നു. ദൈവത്തിന്റെ അനന്തമായ മഹത്ത്വത്തിന്റെ പ്രകാശനം പ്രവാചകൻ കണ്ടത് മലമുകളിൽ കർത്താവ് ഒരുക്കുന്ന വിരുന്നിലാണ്.

രൂപാന്തരികരണവേളയിൽ ഈശോ തന്റെ മഹത്ത്വം ശിഷ്യർക്ക് വെളിപ്പെടുത്തികൊടുത്തതും മലമുകളിലാണ്. പഴയനിയമത്തിൽ ദൈവമഹത്തവമെന്നത് `ശക്തമായ അവിടുത്തെ കരങ്ങളുടെ പ്രവർത്തിയാണെങ്കിൽ` പുതിയനിയമത്തിൽ ഈശോയുടെ മഹത്ത്വം വ്യക്തമാകുനത് കാൽവരിമലമുകളിലെ അവിടുത്തെ മരണോത്ഥാനങ്ങളിലൂടെയാണ്. രൂപാന്തരീകരണത്തിലെ മഹത്ത്വം കാൽവരിമലമുകളിലെ മഹത്ത്വത്തിന്റെ പ്രാഗ്‌രൂപമായിരുന്നു. അതുകൊണ്ടാണ് മലമുകളിൽവെച്ച് തന്റെ ദൈവികത വെളിപ്പെടുത്തിയ കർത്താവ് മലയിറങ്ങിയപ്പോൾ പീഡാനുഭവത്തെയും മരണത്തെയും പറ്റിയുള്ള പ്രവചനം നടത്തിയത്. അത്ഭുതങ്ങൾ ചെയ്യുന്ന ദൈവത്തിൽ വിശ്വസിക്കാൻ എളുപ്പമാണ്. എന്നാൽ ജീവിതത്തിലെ സഹനങ്ങൾക്കിടയിൽ ദൈവകരം കാണണമെങ്കിൽ അടിയുറച്ച വിശ്വാസം അനിവാര്യമാണ്. ഈശോയുടെ ശിഷ്യന്മാർ വിശ്വാസത്തിന്റെ ഈ രണ്്ടാമത്തെ തലത്തിൽ പരാജയപ്പെട്ടു.

കഫർണാഹുമിൽ വെച്ച് നികുതികൊടുക്കുന്ന സംഭവമാണ് സുവിശേഷത്തിലെ മൂന്നാമത്തെ പാഠഭാഗം. ദൈവപുത്രനെന്ന നിലയിൽ ദൈവാലയനികുതി കൊടുക്കേണ്ടകാര്യം ഈശോയ്ക്കില്ല. എങ്കിലും മുക്കുവനായ പത്രോസിനോട് മീൻ പിടിച്ച് നികുതി നൽകാൻ ഈശോ കല്പിക്കുന്നു. ശിഷ്യരുടെ വിശ്വാസാമില്ലായ്മ അന്യർക്ക് ഇടർച്ചയ്ക്ക് കാരണമാകരുതെന്ന് അപസ്മാരരോഹിയെ സുഖപ്പെടുത്തികൊണ്ട് തിരുത്തൽ നല്കിയ കർത്താവ്, പ്രായോഗിക ജീവിതത്തിലും ശിഷ്യൻ അന്യർക്ക് ഇടർച്ചവരുത്തരുതെന്ന് ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു. വിശ്വാസികൾ എന്ന നിലക്ക് നമുക്ക് ലഭ്യമായിരിക്കുന്ന പ്രത്യക സിദ്ധികളും അവകാശങ്ങളും മറ്റുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമാകുന്ന വിധത്തിൽ ഉപയോഗിച്ചുകൂടാ.

കഫർണാഹും എന്ന സ്ഥലം ഈശോയുടെ പ്രവർത്തനങ്ങളുടെ കേന്ദ്രമാണ്. ഈശോ പ്രവർത്തിച്ച അത്ഭുതങ്ങൾ അധികവും നടന്നത് കഫർണാഹുമിലാണ് (മത്തായി 4.12-22; 21.34; 17.24-27 മർക്കോ 1.21.28; 2.12; 2.15 ലൂക്ക1.10; 10.23-24 യോഹ 6). പത്രോസിന്റെയും അന്ത്രയോസിന്റെയും ഭവനം അവിടെയാണ.് കഫർണാഹുമിന്റെ ആദ്യപേര് കേഫർ തെഹും എന്നായിരുന്നു. അതിർത്തി (തെഹും) ഗ്രാമം (കേഫർ) എന്നർത്ഥം. അത് ഗലീലായുടെയും ഗവുലാനിറ്റിഡിന്റെയും അതിർത്തി ഗ്രാമമായിരുന്നു. അതുകൊണ്ടാണ് അവിടെ ചുങ്കംപിരിവുകാരുണ്ടായിരുന്നതും (മത്തായി 9.1, 9.13; മർക്കോ 2.13), റോമൻ പട്ടാളക്കാർ അവിടെ തവളമടിച്ചിരുന്നതും (ലൂക്ക 8.40-56). പിന്നിട് ഈ സ്ഥലം കേഫർ നാഹും (നാഹുംമിന്റെ ഗ്രാമം) അല്ലെങ്കിൽ കേഫർ താഹും (താഹുമിന്റെ ഗ്രാമം) എന്നറിയപ്പെട്ടു. ആ ദേശത്തിന്റെ ചരിത്രത്തിലെ അറിയപ്പെട്ട രണ്ട് വ്യക്തികളായിരുന്നു നാഹുമും താഹുമും. ഈ സ്ഥലത്തിന്റെ അറബിപേര് തെൽ ഹും എന്നാണ്.

പഴയനിയമത്തിൽ ഒരിക്കൽപോലും പ്രത്യക്ഷപ്പെടാത്ത ഒരു സ്ഥലവും പേരുമാണ് കഫർണാഹും. എന്നാൽ തന്റെ പരസ്യജീവിതം ആരംഭിച്ചപ്പോൾ കർത്താവ് തന്റെ സ്ഥലമായ നസ്രത്ത് ഉപേഷിക്കുകയും കഫർണാഹുമിലുള്ള പത്രോസിന്റെ ഭവനത്തിൽ താമസമാക്കുകയും ചെയ്തു (മത്ത 4.12-17). അവിടെയാണ് കർത്താവ് തന്റെ പല പ്രധാന പ്രസംഗങ്ങളും നടത്തിയതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും. കർത്താവിന്റെ സജീവമായ സന്നിധ്യത്താലും അവിടെ വന്നെത്തിയ പാപപ്പെട്ടവരുടെ വിശ്വാസത്താലും മഹത്ത്വമാർജിച്ച സ്ഥലമാണ് കഫർണഹും. കഫർണഹുമിൽ ലെവിക്കുണ്ടായിരുന്നതുപോലുള്ള സമ്പത്തോ, റോമൻ ശധാധിപനുണ്ടായിരുന്ന അധികാരമോ അല്ല അതിന് മഹത്ത്വം നല്കിയത്; പരമ്പര്യമില്ലായമ്മ ആ മഹത്ത്വത്തിന് തടസമായതുമില്ല. നമ്മുടെ ജീവിതവും ധന്യമാകുന്നത് നമ്മിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്താലും നമുക്ക് അവനിലുള്ള ക്ഷയിക്കാത്ത വിശ്വാസത്താലുമാണ്.

പ്രപഞ്ചത്തിലും മനുഷ്യചരിത്രത്തിലും അനുദിജീവിതത്തിലും ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ കാണാൻ കഴിവുള്ള ഒരു വിശ്വാസം നമുക്ക് ഉണ്ടായിരിക്കണം. നമ്മുടെ കഴിവുകളിലും വിജയങ്ങളിലും പരാജയങ്ങളിലും വേദനകളിലും ദൈവകരം കാണാൻ കഴിയുന്നതാണ് വിശ്വാസം. നമ്മുടെ അല്പവിശ്വാസം ഒരിക്കലും മറ്റുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമായിക്കുടാ.

റവ. എബി സെബാസ്റ്റ്യൻ പുതുശ്ശേരിൽ